13-ാം കേരള നിയമസഭ

8-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2847

02.04.2013-ൽ മറുപടി
നൽകേണ്ടത്

## വില്ലേജാഫീസുകളിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ

| ചോദ്യം: | മറുപടി : |
|---|---|
| ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ അടൂർ പ്രകാശ്<br>( ബഹു:റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) വില്ലേജാഫീസുകളിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; | (എ) സംസ്ഥാനത്തെ വില്ലേജാഫീസുകളിൽ നിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി വില്ലേജാഫീസുകൾ വഴി നൽകുന്ന സേവനങ്ങൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുളള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ NLRMP പ്രകാരം ReLIS എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് വില്ലേജുകളിലെ ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടർ വൽക്കരണം നടപ്പിലാക്കിവരുന്നു. കേന്ദ്രസർക്കാരിന്റെ നാഷണൽ ഇ-ഗവേർണൻസ് പദ്ധതിയിൻ കിഴിൽ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷനും ലാന്റ് റവന്യൂ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഇ-ജില്ലാ പദ്ധതി വഴി, വില്ലേജുകളിൽ നിന്നും നൽകിവരുന്ന സർട്ടിഫിക്കറ്റുകളുടെ വിതരണം കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. |
| (ബി) സ്മാർട്ട് വില്ലേജാഫീസുകളിൽ നിന്ന് ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (ബി) ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ വില്ലേജ് ഓഫീസുകൾക്ക് പുറമെ അക്ഷയ കേന്ദ്രങ്ങളിൽ നിന്നുകൂടി ഇതിനകം ഉദ്ദേശം 14 ലക്ഷം സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. റവന്യൂ വകുപ്പ് വിഭാവനം ചെയ്ത "എപ്പോഴും |

| | |
|---|---|
| | എവിടെയും സേവനം" അങ്ങനെ സാദ്ധ്യമാകുന്നു. കൂടുതൽ ഓഫീസുകൾ SMART ആക്കുന്നതിന്റെ ഭാഗമായി ഈ സേവനം ഓൺലൈൻ പേയ്മെന്റ് ഗേറ്റ്‌വേ കൂടി സാദ്ധ്യമാക്കി അപേക്ഷകന് വീട്ടിൽ വെച്ച് തന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും അത് നേടുന്നതിനുമുള്ള സംവിധാനം സാദ്ധ്യമാകുന്നതാണ്. |
| (സി) കോഴിക്കോട് ജില്ലയിൽ പുതുതായി ഏതെങ്കിലും വില്ലേജ് ആഫീസ് സ്മാർട്ട് വില്ലേജാഫീസ് ആക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) യും (ഡി) യും സ്മാർട്ട് വില്ലേജാഫീസ് രൂപീകരണം സംബന്ധിച്ച ശുപാർശ പരിശോധിച്ചുവരികയാണ്. |
| (ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ